**File No.DT/5966/2019-G2**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/5966/2019-G2 തീയതി: 29/12/2019

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് - ജനുവരി 2020 - ഓൺലൈൻ പരീക്ഷയുടെ ഫീസ് ഒടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 4-12-19 ലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്
2. DGT ൽ നിന്നും വന്ന 12-12-19 ലെ ഇ-മെയിൽ സന്ദേശം .

ജനുവരി 2020 ലെ സപ്ലിമെന്ററി അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന്റെ തിയറി,വർക്ക്ഷോപ്പ് കാൽകുലേഷൻ & സയൻസ് ,എംപ്ലോയബിലിറ്റി സ്കിൽ എന്നീ വിഷയങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയായാണ് നടത്തുന്നത് എന്ന് ഡി.ജി.ടി അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയ്ക്ക് പങ്കെടുക്കുന്ന ഓരോ ചോദ്യപേപ്പറിനും ഓരോ ട്രെയിനിക്കും 135/- + ടാക്സ് , രജിസ്ട്രേഷൻ ഫീസ് ഒരു ട്രെയിനിക്ക് 50/- രൂപ എന്ന കണക്കിൽ ഓൺലൈൻ ആയി ബന്ധപ്പെട്ട ഓൺലൈൻ പരീക്ഷ നടത്തുന്ന ഏജൻസി വഴി അടക്കാവുന്നതാണ് എന്ന് സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

എന്നാൽ ഓൺലൈൻ ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരം സൂചന (2)പ്രകാരം DGT അറിയിച്ചിരിക്കുന്നു. ആയതു പ്രകാരം M I S പോർട്ടലിൽ ഹാൾടിക്കറ്റ് എലിജിബിലിറ്റിയുള്ള ട്രെയിനികളുടെ ഹാൾടിക്കറ്റ് ജനറേഷൻ കഴിഞ്ഞതിനു ശേഷം ടി ട്രെയിനികൾക്ക് നേരിട്ടോ ഐ.ടി.ഐ മുഖാന്തിരമോ റോൾ നമ്പർ ലോഗിൻ ചെയ്ത് DGT തീരുമാനിക്കുന്ന CBT(Computer Based Test) ഏജൻസി പോർട്ടൽ മുഖേനെ ഫീസ് ഒടുക്കാവുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു. ടി വിവരം എല്ലാ ട്രെയിനികളെയും നേരിട്ടും ഐ ടി ഐ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചും അറിയിക്കേണ്ടതാണ്. ഹാൾടിക്കറ്റ് എലിജിബിലിറ്റിയുള്ള എല്ലാ ട്രെയിനികളും ഓൺലൈൻ പരീക്ഷയ്ക്കുള്ള ഫീസ് യഥാസമയം ഒടുക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്. MIS പോർട്ടലിൽ ഹാൾടിക്കറ്റ് എലിജിബിലിറ്റി ഉണ്ടായിരിക്കുകയും CBT പോർട്ടൽ മുഖാന്തിരം ഓൺലൈൻ പരീക്ഷാ ഫീസ് ഒടുക്കുകയും ചെയ്താൽമാത്രമേ ട്രെയിനികൾക്ക് ഹാൾ ടിക്കറ്റ് ലഭ്യമാകുകയുള്ളൂ എന്ന വിവരം എല്ലാ പ്രിൻസിപ്പൽ മാരെയും ട്രെയിനികളെയും ഓർമിപ്പിക്കുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഗവ. / പ്രൈവ. ഐ ടി ഐ പ്രിൻസിപ്പൾമാർക്കും ട്രെയിനിങ് ഓഫീസർമാർക്കും
പകർപ്പ് : എല്ലാ ഐ ടി മാർക്കും.